**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 821.** **27.04.2017 ൽ മറുപടിയ്ക്ക്**

**മയക്കമരുന്നിന്റെ വിൽപ്പനയും ഉപഭോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അൻവർ സാദത്ത് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മയക്കമരുന്നിന്റെ വിൽപനയും ഉപഭോഗവും വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണക്കുകളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 31/03/2017 തീയതി വരെ കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. നിയമ പ്രകാരം എക്സൈസ് വകുപ്പ് 3486 കേസുകൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. 2015-16 വർഷം സമാന കാലയളവിൽ 1566 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായ ശേഷമാണ് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ് കേസുകളിൽ വൻവർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയു ണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയ ശേഷം 2015, 2016 വർഷങ്ങളിൽ യാഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസുകളും, 2017-ൽ മാർച്ച് മാസം വരെ 1425 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | കഴിഞ്ഞ പത്തു മാസക്കാലയളവിൽ എക്സൈസ് വകുപ്പ് നടത്തിയ | (ബി) | പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | റെയ്ഡുകളുടെ എണ്ണമെത്ര; അതുവഴി പിടിച്ചെടുത്ത മയക്കമരുന്നിന്റെ അളവെത്ര; വ്യാജ ചാരായം, വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവ് എത്രയെന്ന് അറിയിക്കുമോ? | | പ്രസ്തുത റെയ്ഡുകളിൽ പിടിച്ചെടുത്ത മയക്കു മരുന്ന്, വ്യാജ ചാരായം, വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു.<br>ഹാഷിഷ് ഓയിൽ - 11.246 കിലോഗ്രാം<br>ഹെറോയിൻ - 39.61 ഗ്രാം<br>ബ്രൗൺഷുഗർ - 105.14 ഗ്രാം<br>ഓപ്പിയം - 34 ഗ്രാം<br>ചരസ്സ് - 170 ഗ്രാം<br>ആംപ്യൂളുകൾ - 57 എണ്ണം<br>ടാബ്ലറ്റ് - 7544 എണ്ണം<br>വ്യാജ ചാരായം - 3242 ലിറ്റർ<br>വ്യാജ സ്പിരിറ്റ് - 1330 ലിറ്റർ<br>കഞ്ചാവ് - 742 കിലോഗ്രാം |

**സെക്ഷൻ ഓഫീസർ**